**Mr. C. V. Iyyu** *(Kunnamkulam):* Is the same substitute continuing as the permanent teacher ?

**Rao Sahib I. N. Menon** *(Director of Public Instruction):* The permanent teacher has now re-joined.

**MUNDAKAN CROP—FAILURE OF—THEMBARAMADAKKU IRRIGATION SYSTEM**

**212. Mr. N. V. Subbarayan Chettiar** *(Nominated):*

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടു ദയവായി മറുപടി പറയുമൊ.---

(എ) ഈ കൊല്ലത്തെ മുണ്ടകൻ വിളയ്ക്കു വെള്ളംകിട്ടാത്തകാരണം തെമ്പാറമടക്കു ഇറിഗേഷനെ ആസ്പദിച്ചുള്ള കൃഷികൾക്കു ഉണക്കംബാധിച്ചിട്ടുള്ളതിനെ ഗവമ്മെണ്ടിന്നറിവാൻ ഇടവന്നിട്ടുണ്ടോ;

(ബി) ഈ ധനു മുതൽ-ം, മീൻ-ം തുകളിൽ ബഹു. ചീഫ് എഞ്ചിനീയർ അവർകൾ ചിറ്റൂർ ക്യാമ്പു വന്നിരുന്നസമയം ഉണക്കനഷ്ടത്തെപ്പറ്റി നേരിട്ടുകാണുവാൻ ഇടവന്നിട്ടില്ലെ;

(സി) നികുതിയിൽ ഉണങ്ങിപോയ കൃഷികൾക്കു ഇളവുചെയ്തുകൊടുക്കാത്തപക്ഷം കൃഷിക്കാക്കു വലുതായ നഷ്ടകഷ്ടങ്ങൾക്കു ഇടയാകുമെന്നുള്ളസംഗതി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടുമൊ?

**Mr. V. K. Aravindaksha Menon** *(Chief Engineer):*

(എ) വെള്ളക്കുറവുമൂലം തെമ്പാറമടക്കു ഇറിഗേഷനിൽപെട്ട ചില നിലങ്ങൾക്കു സാമ്പ്രം ഉണക്കംതട്ടിട്ടുണ്ടു.

(ബി) ഉവ്വു.

(സി) കൃഷിക്കു സാരമായദോഷം ഇല്ലാത്തതുകൊണ്ടു നികുതി കുറവുചെയ്യേണ്ടതില്ല.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: സാമ്പ്രം ഉണക്കം തട്ടിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ടു. അതു എത്രശതമാനമുണ്ടെന്നു പറയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കണക്കുകൂട്ടിയതിൽ എതാണ്ടു 8 ശതമാനമുണ്ടാകുമെന്നാണു കാണുന്നതു.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: ഇപ്പോഴത്തെ കൃഷിച്ചിലവും വിത്തുകളും മറ്റും കൊണ്ടുവരുവാനുള്ള വഴിച്ചിലവും നോക്കിയാൽ അവക്കു എന്തെങ്കിലും ഇളവു ചെയ്തുകൊടുക്കേണ്ടതു അത്യാവശ്യമാണെന്നു ഗവമ്മെണ്ടിനു തോന്നുന്നുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കുറവു ചെയ്യേണ്ടമാതിരിയുള്ള കേടൊന്നും സംഭവിച്ചിട്ടില്ലെന്നാണു ഗവമ്മെണ്ടിന്റെ അഭിപ്രായം.

**IRRIGATION SCHEMES INVESTIGATED BY GOVERNMENT—PARTICULARS OF**

**213. Mr. P. Kumaran Ezhuthassan** *(Vadakkancheri):* Will Government be pleased to state.—

(*a*) what is the number of Irrigation Schemes investigated by the Government during the last 20 years inclusive of 1117;

(*b*) which are these schemes;

(*c*) what has each scheme cost the Government;

(*d*) has any of the schemes been put into effect; if so which are they ?

**Mr. V. K. Aravindaksha Menon** *(Chief Engineer):*

(*a*) and (*b*) A statement of the Major Irrigation Schemes investigated is appended. *(See Appendix).*

(*c*) It is not possible to give the expenditure incurred for the investigation of each scheme, as no separate accounts for each scheme were maintained.

(*d*) Yes. Iteme Nos. 1, 2, 3, 4, 5, 7 (after alteration) 16 (after modification) 26, 27, 28 and 30.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* May I know, Sir, what is the total cost of all these schemes. It has been stated that no separate account for each scheme is maintained. May I know how many tons of money has been spent for the 30 schemes mentioned here.

**Mr. V. K. Aravindaksha Menon** *(Chief Engineer):* The work was done by the regular staff of the Public Works Department. No separate account of amount spent for each section has been maintained. No expenditure other than the salary has been incurred, besides some contingent expenditure in connection with the surveys.

LIBRARY ARCHIVES Kerala Legislative Assembly